## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2645** **06.02.2018-ന് മറുപടിയ്ക്ക്**

## പട്ടാമ്പി രാമഗിരി കോട്ട

**ചോദ്യം** **മറുപടി**

**ശ്രീ.മുഹമ്മദ് മുഹസിൻ.പി.**

**ശ്രീ. കെ. രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പട്ടാമ്പി മണ്ഡലത്തിൽ ഓങ്ങല്ലൂർ, കൊപ്പം പഞ്ചായത്തുകളിലായി കിടക്കുന്ന രാമഗിരികോട്ടയുടെ സമീപ പ്രദേശങ്ങളിൽ വനം വകുപ്പിന്റെ അധീനതയിൽ ഉൾപ്പെട്ട സ്ഥലങ്ങൾ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആർക്കാണ് നൽകിയത് എന്നും എപ്പോഴാണ് നൽകിയത് എന്നും എന്ത് അടിസ്ഥാനത്തിലാണ് നൽകിയത് എന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | പാലക്കാട് ഡിവിഷനു കീഴിലെ ഒ.എ 103/79, 203/79, 257/79 കേസുകളിലുൾപ്പെട്ടതും ഒറ്റപ്പാലം റെയിഞ്ചിലെ പട്ടാമ്പി സെക്ഷനിലെ പരിധിയിൽ വരുന്ന വി.എഫ്.സി. ഐറ്റം നമ്പർ 70 രാമഗിരിക്കോട്ട മലവാരത്തിൽപ്പെട്ടതുമായ ടി സ്ഥലങ്ങൾ 15.07.1994, 18.09.1995 എന്നീ തീയതികളിലായി വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്ട് 1971 പ്രകാരം വിട്ടുനൽകിയിട്ടുള്ളതാണ്.<br><br>മേൽ കേസുകളിൽപ്പെട്ട 49.81 Ha സ്ഥലം ഇക്കോളജിക്കലി ഫ്രജയിൽ ലാന്റ് ആയി വിജ്ഞാപനം ചെയ്യുകയും തുടർന്ന് ടി സ്ഥലങ്ങൾ ഇക്കോളജിക്കലി ഫ്രജയിൽ ലാന്റ് നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി, ഇക്കോളജിക്കലി ഫ്രജയിൽ ലാന്റ് കസ്റ്റോഡിയൻ 23.09.2015-ന് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 14.01.2016-ലെ ഇ.എഫ്.എൽ 6-1061/1997 നമ്പർ ഉത്തരവ് പ്രകാരം ഡീ-നോട്ടിഫൈ ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് ശ്രീ. ഈശ്വരനുണ്ണി മുതൽ പേർക്ക് 01.06.2016-ന് ടി സ്ഥലങ്ങൾക്ക് എൻ.ഒ.സി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**